"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - കേരള റബ്ബർ ലിമിറ്റഡ്- വെള്ളൂർ പഞ്ചായത്തിലെ കേരള സർക്കാരിന്റെ റബ്ബർ അധിഷ്ഠിത വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം -കേരള റബ്ബർ ലിമിറ്റഡിന് പ്രതിദിനം 3 MLD ജലം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (എം.പി.) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/WRD തീയതി,തിരുവനന്തപുരം, 11-01-2026

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.22/2024/WRD തീയതി 07/11/2024
2. കേരള റബ്ബർ ലിമിറ്റഡ് ചെയർപേഴ്സൺ ആന്റ് മാനേജിംഗ് ഡയറക്ടറുടെ 31.01.2025-ലെയും 20.06.2025-ലേയും D.O./CMD/KRL/25/2024-25 നമ്പർ കത്തുകൾ.
3. ജലസേചനവും ഭരണവും ചീഫ് എൻജിനീയറുടെ 07.07.2025-ലെ CEIA/2958/2025-PL4DB2(PLG) നമ്പർ കത്ത്.

**ഉത്തരവ്**

കേരള റബ്ബർ ലിമിറ്റഡിന് പ്രതിദിനം 3 MLD ജലം ആവശ്യമുണ്ടെന്നും മൂവാറ്റുപുഴ നദിയിൽ നിന്ന് എടുക്കുന്ന 1 MLD വെള്ളത്തിന് വാർഷിക വാട്ടർ ചാർജ് 73 ലക്ഷം രൂപ യുക്തിസഹമാക്കണമെന്നും 5 H.P പമ്പിംഗ് മോട്ടോർ മാത്രം ഉപയോഗിക്കുക, 1 MLD വെള്ളം ഉപയോഗിക്കുക തുടങ്ങിയ നിയന്ത്രണങ്ങളും പുനഃപരിശോധിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം 2 പ്രകാരം കേരള റബ്ബർ ലിമിറ്റഡ് ചെയർ പേഴ്സൺ & മാനേജിംഗ് ഡയറക്ടർ കത്ത് നൽകിയിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. വേനൽക്കാലത്ത് കുടിവെള്ളത്തിനെയും, സമീപമുള്ള മറ്റ് ജലസേചന പദ്ധതികളേയും ബാധിക്കാത്ത തരത്തിലും, ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങളിൽ മൂവാറ്റുപുഴയാറിൽ ഉപ്പു വെള്ളം കയറുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഉപ്പുവെള്ളം കയറാത്ത വിധം, മുവാറ്റുപുഴയാറിലെ നീരൊഴുക്ക് കുറയാതെ പമ്പിംഗ് പരിമിതപ്പെടുത്തേണ്ടതും, ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെടുന്ന സമയത്ത് പമ്പിംഗ് നിർത്തി വയ്ക്കേണ്ടതുമാണെന്നും എന്നാൽ വകുപ്പ് ജലത്തിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന തുക ഫീസ് ആയി നൽകേണ്ടതാണെന്നുമുള്ള

ഉപാധികളോടെ കേരള റബ്ബർ ലിമിറ്റഡിന് പ്രതിദിനം **3MLD** ജലം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എൻജിനീയർ (ജലസേചനവും ഭരണവും), തിരുവനന്തപുരം.
ചെയർപേഴ്സൻ & മാനേജിംഗ് ഡയറക്ടർ, കേരള റബ്ബർ ലിമിറ്റഡ്,
ന്യൂസ് പ്രിന്റ് നഗർ, വെല്ലൂർ, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ /ഓഡിറ്റ്,) തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ
കരുതൽ ഫയൽ (ഫയൽ നമ്പർ എം.പി.3/99/2025-WRD)

പകർപ്പ് :- ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്-ന്
സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.-യ്ക്ക്.

ഉത്തരവിൻ പ്രകാരം
Signed by
Hashim S
Date: 14-01-2026 15:15:20
സെക്ഷൻ ഓഫീസർ